(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഓരോ വില്ലേജിലും പട്ടയം ലഭിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്ര; ഇവ ഓരോന്നും ഏതൊക്കെ വിഭാഗത്തിൽപ്പെടുന്നതാണ്;

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിൽ എത്രപേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്; കൈവശരേഖ കൊടുക്കുന്നതിനായി തീർപ്പാക്കാത്ത അപേക്ഷകൾ ഉണ്ടോ; എങ്കിൽ അടിയന്തിരമായി കൈവശരേഖ കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൈവശരേഖ ലഭിച്ചിട്ടുള്ളവർക്ക് ഗ്രാമപഞ്ചായത്തുകൾ ആനുകൂല്യങ്ങൾ നൽകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ അതുപരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) 1996-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ താലൂക്കിൽ എത്ര പട്ടയം നൽകി; ജില്ലയിലെ മറ്റു താലൂക്കുകളിലും എത്ര വീതം നൽകി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വല്ലച്ചിറ, വെങ്ങിണിശ്ശേരി, ചൊവ്വൂർ, ആറാപ്പുഴ, പാറളം, കൂർക്കഞ്ചേരി, കണിമംഗലം, ചിയ്യാരം, പള്ളിപ്പുറം, ഊരകം എന്നീ വില്ലേജുകളിലായി യഥാക്രമം 8,2,6,2,1,5,4, 10,3,3 വീതം മൊത്തം 44 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. റോഡ് തരിശ്, കുളം തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന പുറമ്പോക്കുകളാണിവ.

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിൽ 66 പേർക്ക് കൈവശരേഖകൾ വിതരണം ചെയ്തിട്ടുണ്ട്. 20 എണ്ണം ഉടനെ വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ളതാണ്. തീർപ്പാക്കാത്ത അപേക്ഷകൾ ഇല്ല. വിതരണം ചെയ്യുവാൻ ബാക്കിയുള്ളത് ഉടനെ വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കൈവശരേഖ ഉപയോഗപ്പെടുത്തുന്നതിന് ചില നിബന്ധനകൾ പറയുന്നുണ്ട്. അല്ലാതെയുള്ള ആവശ്യങ്ങൾക്ക് കൈവശരേഖ ഉപയോഗപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കാവുന്നതാണ്.

(ഡി) തൃശ്ശൂർ താലൂക്കിൽ 774 പട്ടയങ്ങൾ നൽകി. മുകുന്ദപുരം, തലപ്പിള്ളി, ചാവക്കാട്, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിൽ യഥാക്രമം 207, 72, 130, 247 വീതം പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

87 (2239) പനച്ചിക്കാട് വില്ലേജ് ഓഫീസ്

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനച്ചിക്കാട് വില്ലേജ് ഓഫീസിനു വേണ്ടി പണിയുന്ന കെട്ടിടത്തിന്റെ പണി നിർത്തിവയ്ക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പണി തുടർന്ന് നടത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ കെട്ടിടത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് കോട്ടയം മുൻസിഫ് കോടതിയിൽ ഒ.എസ്.374/94 നമ്പർ കേസ്സിൽ ഒരു താൽക്കാലിക നിരോധന ഉത്തരവ് ഉണ്ടായിട്ടുള്ളതു കാരണം നിർമ്മാണപ്രവർത്തനങ്ങൾ നിറുത്തിവയ്ക്കേണ്ടിവന്നു.

(ബി)&(സി) മേൽ നിരോധന ഉത്തരവ് ഇപ്പോൾ നീക്കം ചെയ്തിട്ടുണ്ട്. അതിനെതിരായി എതിർകക്ഷി കോട്ടയം സബ് കോടതിയിൽ അപ്പീൽ സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്.

അപ്പീൽ കേസ്സിൽ നിരോധന ഉത്തരവു നിലവിലില്ലാത്തതിനാൽ വില്ലേജ്ഓഫീസ് കെട്ടിട നിർമ്മാണം തുടർന്നു നടത്തുന്നതിനും, എത്രയും വേഗം പണി പൂർത്തിയാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

88 (2241) ഡെപ്യൂട്ടി തഹസീൽദാർമാരുടെ പ്രൊമോഷൻ

ശ്രീ. കെ.കെ. നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നാണ് നിലവിൽവന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂൾസ് പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളും മാനദണ്ഡവും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഡെപ്യൂട്ടി തഹസിൽദാർ, തസ്തികയുടെ ഫീഡർ കാറ്റഗറികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 19-6-1981-ന് ആവശ്യമായ യോഗ്യതാ പരീക്ഷകൾ പാസ്സാവുകയും വില്ലേജ് അസിസ്റ്റന്റായി നിയമനം ലഭിച്ചവർക്ക് ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ പ്രൊമോഷൻ നിഷേധിക്കുകയും 1-8-1981, 1-3-1982, 17-4-1982 എന്നീ തീയതികളിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമനം ലഭിച്ചവർക്കും 17-3-1992-ന് അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ പാസ്സായ വില്ലേജ് ആഫീസർമാർക്കും ഡെപ്യൂട്ടി തഹസിൽദാരായി 11-11-99-ന് പ്രൊമോഷൻ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആറ് വർഷം സർവ്വീസ് എന്ന വ്യവസ്ഥ പാലിക്കുമ്പോൾ ഇവരിൽ ആരാണ് സീനിയർ എന്ന് വ്യക്തമാക്കുമോ;

(എഫ്) 10-9-84-ന് മുമ്പ് ടെസ്റ്റ് യോഗ്യതകൾ പാസ്സായിട്ടുള്ള വില്ലേജ് അസിസ്റ്റന്റുമാർക്ക് 1958-ലെ ജനറൽ റൂൾ 28 (ബി.ബി.ബി) പ്രകാരം വില്ലേജ് ഓഫീസർ/സ്പെഷ്യൽ വില്ലേജ് ഓഫീസർ/അഡീഷണൽ വില്ലേജ് ഓഫീസർ തസ്തികയിൽ സീനിയോറിറ്റി നിർണ്ണയിച്ചു ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

((ജി) 4-9-92-ലെ ഉത്തരവ് നമ്പർ (എം.എസ്) നമ്പർ 360/92/റവന്യൂ എന്ന സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly